©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

വാല്യം 7
Vol. VII

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2018 ജൂലൈ 24
24th July 2018
1193 കർക്കടകം 8
8th Karkadakam 1193
1940 ശ്രാവണം 2
2nd Sravana 1940

നമ്പർ
No. 30

## PART III

# Commissionerate of Land Revenue

## KOTTAYAM DISTRICT

FORM No. 4

[*See* Rule 11(3)]

NOTIFICATION

No. G1-52650/2014. *7th June 2018.*

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for acquisition of land for the Construction of Erattupetta - MES Junction Bypass Reach - I in Kottayam District;

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition , Rehabilitation and Resettlement Act 2013 (Central Act 30 of 2013), Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

NOW, THEREFORE, sanction is accorded to the District level Social Impact Assessment Unit, Youth Social Service Organization, Social Service Center, M.A.College P. O., Kothamangalam, Ernakulam District to conduct a Social Impact Assessment Study and to prepare a Social Impact Management Plan is provided in the Act. The process shall be completed within a period of two months not exceeding six months in any case.

SCHEDULE

*District*—Kottayam.

*Taluk*—Meenachil. *Villages*—Erattupetta, Poonjar.

(The extent given is approximate)

| *Serial No.* | *Survey No.* | *Description* | *Extent* | | |
|---|---|---|---|---|---|
| | | | *H* | *Are* | *Sq. Meter* |
| 1 | Poonjar Village, Block No. 70 Sy. Nos. 18/2, 18/1, 21/1, 19/1, 20/4, 20/7, 21/4, 21/4-2 | Purayidom | | 4. | 350 |
| 2 | Erattupetta Village, Block No. 45 Sy. Nos. 5/5, 5/1, 6/5, 6/2, 7/1, 9/3, 9/2, 10/2, 4/1, 4/4, 4/5, 4/7, 5/7, 5/8, 7/4 | Purayidom | | 6. | 670 |
| | | Total | 1 | 1 | 020 |

Collectorate,
Kottayam.

B. S. THIRUMENI IAS,
*District Collector.*

## കോട്ടയം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : ഡോ. ബി. എസ്. തിരുമേനി ഐ. എ. എസ്.)

നമ്പർ ജി.2–5868/2016. 2018 ജൂൺ 28.

വിഷയം:— കാരിത്താസ് മേൽപ്പാല നിർമ്മാണം—പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച്.

സൂചന:— (1) ജി. ഒ. (ആർ. ടി.) നമ്പർ 2730/16/ആർ. ഡി. തീയതി 12–7–2016.

(2) ജി. ഒ. (പി) 590/2015/ആർ. ഡി. തീയതി 11–11–2015.

കാരിത്താസ് മേൽപ്പാല നിർമ്മാണത്തിനായി അതിരമ്പുഴ വില്ലേജിൽ ബ്ലോക്ക് 27-ൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 19.83 ആർ സ്ഥലം 2013-ലെ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വിസിഷൻ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിൽ ഏറ്റെടുക്കുന്നതിന് അവശേഷിച്ചിട്ടുള്ള റീസർവ്വേ 518/11, 518/12, 518/19, 520/2, 520/4, 558/2, 564/2, 564/12-ൽ പ്പെട്ട 00.1294 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

2013-ലെ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വിസിഷൻ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്ട് 2013-ൽ അനുശാസിക്കുന്ന പ്രകാരം പുനരധിവാസ പുനഃസ്ഥാപന പാക്കേജ് നടപ്പാക്കുന്നതിലേക്ക് അതാത് ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർ (എൽ. എ)-യെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ കാരിത്താസ് മേൽപ്പാല നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എൽ. എ. ആർ. ആർ. ആക്ട് സെക്ഷൻ 43(1) (2) (3) പ്രകാരം കോട്ടയം ഡെപ്യൂട്ടി കളക്ടർ (എൽ. എ)-യെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചുകൊണ്ടും അഡ്മിനിസ്ട്രേറ്ററെ സഹായിക്കുന്നതിലേക്ക് സ്പെഷ്യൽ തഹശീൽദാർ, എൽ. എ. (ജനറൽ) കോട്ടയത്തിനെയും ടി ആഫീസ് സംവിധാനത്തിനെയും നിയമിച്ചുകൊണ്ടും ടി ജീവനക്കാരും ടി ആഫീസ് സംവിധാനവും ആക്ടും റൂളും അനുശാസിക്കുന്നവിധം എല്ലാ പ്രവൃത്തികളും ചെയ്തു പോരേണ്ടതാണെന്നും ഉത്തരവാകുന്നു.

കളക്ടറേറ്റ്, (ഒപ്പ്)
കോട്ടയം. ജില്ലാകളക്ടർ.

FORM No. 7

[*See* Rule 18 (1)]

NOTIFICATION

No. G2-5868/2016. *2nd July 2018.*

WHEREAS, the Government of Kerala have as per notification No. G.O. (P) No.649/2015/RD dated 9-12-2015 appointed the Special Tahsildar (LA) General, Kottayam to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act, 2013.

AND WHEREAS, the Government hereby appoint Deputy Collector (LA), Kottayam as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition.

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for the Land Acquisition for the construction of Railway Over Bridge at Carithas.

Now, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

All persons interested in the said land are accordingly required to lodge before the Special Tahsildar (LA) General, Kottayam within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is given below, which is available in the official website https://kottayam.gov.in

SCHEDULE

*District*—Kottayam

*Taluk*—Kottayam *Village or Amsom and Desom*—Athirampuzha.

(The extent given is approximate)

| *Sl. No.* | *Resurvey Block* | *Resurvey No.* | *Description* | *Extent in H. Are Sq. Meter* | *Nature of Public Purpose* | *Reasons for displacement off affected families* | *Name of Owners/ interested persons* |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | | 518/11 | Wet Land | 00.0157 | | | Jerald (Late) |
| 2 | | 518/12 | Dry Land | 00.0042 | | | Jerald (Late) |
| 3 | | 518/19 | Wet Land | 00.0010 | | | Lekshmykuttiyamma & Others |
| 4 | 27 | 520/2 | Dry Land | 00.0510 | Land Acquisition for the construction of Railway Over Bridge at Carithas | NA | Jerald (Late) |
| 5 | | 520/4 | Dry Land | 00.0549 | | | Jerald (Late) |
| 6 | | 558/2 | Dry Land | 00.0001 | | | James Thomas |
| 7 | | 564/2 | Wet Land | 00.0009 | | | Muhammad Illyas, Anju Rajeev & Others |
| 8 | | 564/12 | Wet Land | 00.0016 | | | Muhammad Illyas, Anju Rajeev & Others |
| | | | Total | 00.1294 *Hectare* | | | |

**കാരിത്താസ്-റെയിൽവേ മേൽപ്പാലം അപ്രോച്ച് റോഡ്**

**സംഗ്രഹം**

കോട്ടയം ജില്ലയിൽ അതിരമ്പുഴ വില്ലേജിൽ എം. സി. റോഡിനെ കാരിത്താസിൽ നിന്നും ഏറ്റുമാനൂർ-അതിരമ്പുഴ എം. ജി. യൂണിവേഴ്സിറ്റി കോട്ടയം മെഡിക്കൽ കോളേജ് കോട്ടയം റോഡുമായി അമ്മഞ്ചേരി ജംഗ്ഷനിൽ യോജിപ്പിക്കുന്ന റോഡാണ് കാരിത്താസ് അമ്മഞ്ചേരി. ടി റോഡിന് കാരിത്താസിൽ നിന്നും അമ്മഞ്ചേരി റോഡിന് ഉദ്ദേശം രണ്ട് കിലോമീറ്റർ ദൂരമുണ്ട്. നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലം ഈ റോഡിലാണ് സ്ഥിതി ചെയ്യുന്നത്. റെയിൽവേ ഗേറ്റിൽ നിന്നും കാരിത്താസ് ജംഗ്ഷനിലേക്ക് ഉദ്ദേശം കാൽകിലോമീറ്റർ ദൂരമുണ്ട്. അമ്മഞ്ചേരി ജംഗ്ഷനിൽ ഉദ്ദേശം 1.75 കിലോമീറ്റർ ദൂരവും വരും. നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലത്തിന്റെ ഇരുവശങ്ങളിലുമായി 4 കിലോമീറ്ററിൽ ഒട്ടനവധി പ്രമുഖ ആശുപത്രികളും തീർത്ഥാടനകേന്ദ്രങ്ങളും, വിദ്യാഭ്യാസസ്ഥാപനങ്ങളുമുണ്ട്. കോട്ടയം മെഡിക്കൽ കോളേജ്, ചൈൽഡ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട്, കാരിത്താസ് ഹോസ്പിറ്റൽ, മാതാ ഹോസ്പിറ്റൽ, എം. ജി. യൂണിവേഴ്സിറ്റി, ആഗോളതീർത്ഥാടനകേന്ദ്രങ്ങളായ വിശുദ്ധ ചാവറതീർത്ഥാടനകേന്ദ്രം, പേരൂർ മർത്തശ്മൂനി പള്ളി, മാന്നാനം കെ. ജി. കോളേജ്, മാന്നാനം ബി. എഡ്. കോളേജ്, അലഗിരി ബി. കെ. കോളേജ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, വാഹനങ്ങളിലൂടെയും കാൽനടയായും നിരന്തരമായി ഉപയോഗിച്ച് വരുന്നതും, വളരെയധികം വാഹനങ്ങൾ കടന്നു പോകുന്ന റോഡുമാണ് കാരിത്താസ് അമ്മഞ്ചേരി റോഡ്, വർദ്ധിച്ച ഗതാഗതം മൂലം ട്രെയിൻ വരുന്ന സമയങ്ങളിൽ നിരന്തരമായി റെയിൽവേ ഗേറ്റ് അടയ്ക്കുന്നത് മൂലം രോഗികളുമായി ആംബുലൻസുകൾ, യാത്രാബസുകൾ, ചെറുവാഹനങ്ങൾ തുടങ്ങി കിലോമീറ്ററുകളോളം വാഹനങ്ങൾ ബ്ലോക്കിൽപ്പെട്ട് കിടക്കുന്നു. മൃതദേഹവും വഹിച്ചുകൊണ്ടുള്ള ആംബുലൻസുകളും, അപകടാവസ്ഥയിലുള്ള രോഗികളുടെ ജീവൻ നഷ്ടപ്പെടുന്നതിനും ഈ കുരുക്ക് ഇടയാക്കുന്നു. നാല് ദശാബ്ദക്കാലമായി ഇതിനൊരു പരിഹാരം വേണമെന്നുള്ളത് ജനങ്ങളുടെ ആവശ്യമാണ്.

## പ്രദേശം

കോട്ടയം ജില്ലയിൽ അതിരമ്പുഴ വില്ലേജിൽ കാരിത്താസ്-തെള്ളകം-മുണ്ടകപ്പാടം-കാരിത്താസ് അമ്മഞ്ചേരി റോഡ്.

## വിസ്തൃതി

0.1294-പ്രദേശമാണ് മേൽപ്പാലത്തിനും ഇതിനോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡിനുമായി ഏറ്റെടുക്കേണ്ടത്, ഇതിൽ ആസ്തികളോ കെട്ടിടങ്ങളോ ഇല്ലാത്ത വെറും ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. പാലത്തോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡിനായാണ് 4 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നത്.

2010-ൽ മേൽപ്പാലത്തിന്റെയും ഇതിന്റെ അപ്രോച്ച് റോഡിന്റേയും നിർമ്മാണം കേരള സർക്കാർ ആർ. ബി. പി. സി. കെ.-യെ ഏൽപ്പിച്ചുവെങ്കിലും 8 മീറ്റർ നീളമുള്ള ഫ്ളൈ ഓവറും ഇതിന്റെ ഇരുവശങ്ങളിലും 4 മീറ്റർ വീതിയുമുള്ള സർവ്വീസ് റോഡിനുമായി സ്ഥലം ഏറ്റെടുക്കേണ്ടിവന്നപ്പോൾ നേരിട്ട തടസ്സമാണ് 7 വർഷമായി ഈ പദ്ധതി പൂർത്തിയാക്കാൻ തടസ്സം നിൽക്കുന്നത്. കാരിത്താസ് മേൽപ്പാലത്തിനും അപ്രോച്ച് റോഡിനുമായി 19 ഭൂവുടമകളിൽ നിന്ന് 23.57 ആർ സ്ഥലം-പൊന്നും വിലയ്ക്ക് എടുത്തിട്ടുണ്ട് (നെഗോഷ്യബിൾ പർച്ചേഴ്സ് വഴി) ജില്ലാകളക്ടർ വസ്തു ഏറ്റെടുത്ത് ആർ. ബി. പി. സി. കെ.-യുടെ പേരിൽ ആധാരം രജിസ്ട്രർ ചെയ്തിട്ടുള്ളതായി മനസ്സിലാക്കുവാൻ സാധിച്ചു. ഈ പ്രദേശങ്ങളെല്ലാം അതിരമ്പുഴ വില്ലേജ് ആഫീസിന്റെ പരിധിയിൽ പെട്ടതാണ്. 8 സർവ്വേ നമ്പരിലുള്ള 0.1294-സ്ഥലമാണ് ഭൂവുടമകൾ വിട്ടു നൽകാത്തത്. ഈ സ്ഥലത്തെക്കുറിച്ചാണ് പുതിയ എൽ. എ. ആക്ട് പ്രകാരം സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തിയിട്ടുള്ളത്.

ലക്ഷ്മിയമ്മ സർവ്വേ നമ്പർ 518/19-1, .0010-നടപ്പുവഴി. നിലവിൽ അങ്ങനൊരു നടപ്പുവഴി അവിടെ കാണുന്നില്ല. ടി സ്ഥലം-പൊന്നും വിലയ്ക്ക് ഭൂമി ഏറ്റെടുത്ത പി. റ്റി. തോമസ് എന്ന വ്യക്തിയുടെ പുരയിടത്തിന്റേയും സ്ഥലം വിട്ടുതരാനുള്ള ജെറാൾഡ് വരടക്കുഴിയിലിന്റെ അതിരുള്ളതാണ്. ലക്ഷ്മിയമ്മയെ കണ്ടുമുട്ടാൻ സാധിച്ചിട്ടില്ല. പബ്ലിക്ക് ഹിയറിംഗിനായി രജിസ്റ്റർ ആയി കത്ത് അയച്ചിരുന്നുവെങ്കിലും മടങ്ങിയെത്തിയിട്ടുണ്ട്. ഹിയറിംഗിൽ ഹാജരായിട്ടുമില്ല.

ഇത് നടപ്പുവഴിയാണെങ്കിൽ കൂടി 4 മീറ്റർ റോഡ് വരുന്നതിനാൽ ടി പ്രദേശം സഞ്ചാരയോഗ്യമായി തന്നെ തുടരും.

2. ജയിംസ് തോമസ് സർവ്വേനമ്പർ 558/2 എ0.0001 വഴിയെന്ന് രേഖയിലുണ്ട്. ഉദ്ദേശം 3/4 ഏക്കറോളം വരുന്ന സ്ഥലമാണിത്. ഇവിടെ ആൾത്താമസമില്ലാത്ത പഴയ ഒരു വീട് ഉണ്ട്. ടി വീട്ടിലേയ്ക്ക് ലോറി കടന്നു പോകുവാൻ വീതിയുള്ള റോഡും ഉണ്ട്. 0.001 ആർ സ്ഥലം വിട്ടുകൊടുക്കുന്നത് കൊണ്ട് യാതൊരു വിധ കഷ്ടനഷ്ടങ്ങളും ഇല്ല, ആ സൈഡിലും 4 മീറ്റർ വീതിയിൽ പുതിയ സർവ്വീസ് റോഡ് ഉണ്ടാകും. പബ്ലിക്ക് ഹിയറിംഗിനായി രജിസ്റ്റർ ആയി കത്ത് അയച്ചിരുന്നുവെങ്കിലും മടങ്ങിയെത്തിയിട്ടുണ്ട്. ഹിയറിംഗിൽ ഹാജരായിട്ടുമില്ല. ജെറാൾഡ് വരടക്കുഴിയിൽ സർവ്വേ നമ്പർ 518/11-2 518/12-2, 520/2-1, 520/4-1,0.0042, 0.0510,0.0549 ടി സ്ഥലങ്ങൾ അവകാശ തർക്കത്തിൽ കിടക്കുന്നതും വസ്തു ഉടമസ്ഥനായ ജെറാൾഡ് മരിച്ച് പോകുകയും, ടിയാൾ വിവാഹിതനാണെങ്കിലും കുട്ടികൾ ഇല്ല, സഹോദരി സഹോദരൻമാർ എല്ലാം വസ്തുവിൽ അവകാശം ഉന്നയിച്ചിരിക്കുകയാണ്. 3 സഹോദരൻമാരും 3 സഹോദരിമാരും ഉള്ള ഇയാളുടെ ഒരു സഹോദരൻ മരിച്ചു. ടിയാളുടെ ഭാര്യയും മകളുമുണ്ട്. ഇവരുൾപ്പെടെ 9 അവകാശികൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു. ഉദ്ദേശം 4 ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഈ സ്ഥലത്തിന് കാരിത്താസ്-അമ്മഞ്ചേരി റൂട്ടിൽ റെയിൽവേ ട്രാക്കിന് മുൻപും ശേഷവുമായിട്ടാണ് വസ്തു ഉള്ളത്. ടി സ്ഥലത്ത് വർഷങ്ങളായി ആരും കൃഷി ആവശ്യത്തിനോ, താമസിക്കാനോ ഒന്നും ഉപയോഗിക്കാതെ കാടുപിടിച്ച് കിടക്കുന്നു. 40 വർഷത്തിലധികം പ്രായമുള്ള ടാപ്പ് ചെയ്യാത്ത റബർ മരങ്ങൾ നിൽപ്പുണ്ട്. മാവ്-1, ആഞ്ഞിലി1. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മിതികളും ഇല്ല. ടി സ്ഥലത്ത് 4 മീറ്റർ സ്ഥലം വഴിയ്ക്കായി എടുത്താൽ വസ്തുവിന് പ്രയോജനം മാത്രമേ ലഭിക്കുകയുള്ളൂ. കാരിത്താസ് അമ്മഞ്ചേരി റൂട്ടിൽ റെയിൽവേ ട്രാക്കിന് ശേഷം വരുന്ന സ്ഥലം സി കാറ്റഗറിയിൽപെടുത്തിയിരിക്കുന്നതിനാൽ വിലകുറഞ്ഞു എന്ന ആക്ഷേപം ഉടമസ്ഥർ ഉന്നയിച്ചിട്ടുണ്ട്. 5 അവകാശികൾ പബ്ലിക് ഹിയറിംഗിൽ ഹാജരായി. അവകാശികൾ ഉടമസ്ഥാവകാശത്തിന്റെ പേരിൽ ജില്ലാ കോടതിയിലും ഹൈക്കോടതിയിലും കേസ് ഫയൽ ചെയ്തിട്ടുണ്ട്

സർവ്വേ നമ്പർ 564/12-2 മുഹമ്മദ് ഇല്യാസ് 564/12-2 അഞ്ചുരാജീവ്-പാർട്ണർഷിപ്പിലുള്ളതാണ്. ടി വസ്തുവിൽ ബഹുനിലയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടവും ഇതിന്റെ പാർക്കിംഗ് ഏരിയായുമാണ്. ടി കെട്ടിടത്തിന്റെ വടക്കു വശത്തായുള്ള പാർക്കിങ്ങ് സ്ഥലത്തുനിന്ന് 3 മീറ്റർ വീതിയിൽ സർവ്വീസ് റോഡിനായി സ്ഥലം വിട്ടു നൽകുമ്പോൾ പാർക്കിംഗ് ഏരിയ നഷ്ടപ്പെടുമെന്നാണ് ഉടമസ്ഥർ പറയുന്നത്. നിലവിലുള്ള റോഡ് വീതി കൂട്ടുവാൻ വിട്ടുകൊടുക്കുമ്പോൾ ദീർഘചതുരത്തിലുള്ള ഈ കെട്ടിടത്തിന്റെ വീതി കുറഞ്ഞ വശത്താണ് കാരിത്താസ് അമ്മഞ്ചേരി റോഡ്. റോഡിൽ നിന്ന് 3 മീറ്ററിലധികം ദൂരമുണ്ട് കെട്ടിടത്തിലേയ്ക്ക്. അതിൽ നിന്ന് ഉദ്ദേശം 25 സെ. മീ. വീതിയിൽ 10 മീറ്റർ നീളത്തിലുള്ള വസ്തുവാണ് വിട്ടുകൊടുക്കാനുള്ളത്. ടി കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് 5 മീറ്റർ വീതിയിൽ പാർക്കിംഗ് ഏരിയാ കാണാൻ സാധിക്കുന്നുണ്ട്. ഏറ്റുമാനൂരിൽ നിന്ന് അമ്മഞ്ചേരി വഴി കോട്ടയത്തേക്ക് വരുന്ന ബസുകളുടെ കാത്തിരുപ്പ് കേന്ദ്രവും ഈ സ്ഥലത്താണ്. ഇത് പലപ്പോഴും കാരിത്താസ് ജംഗ്ഷനിൽ ട്രാഫിക് തടസ്സം ഉണ്ടാകുന്നതിന് കാരണമാകുന്നു. ടി വസ്തു

വിട്ടുകൊടുത്താൽ കെട്ടിടത്തിനോ ഇതിന്റെ നിർമ്മിതിക്കോ ഒന്നും കേടുപാടും കാൺമാനില്ല. 2 ഉടമകളും പബ്ലിക് ഹിയറിംഗിൽ ഹാജരായിട്ടുണ്ട്. റെയിൽവേ ലൈനിനോട് ചേർന്ന് ചെറിയ ഒരു പെട്ടിക്കടയും പഞ്ചായത്ത് നമ്പർ (12/130) ഇതിനോട് ചേർന്ന് ചുടുകട്ടയും, തകരഷീറ്റും ഉപയോഗിച്ച് നിർമ്മിച്ച ദീർഘചതുരാകൃതിയിലുള്ള (12/131 നമ്പർ) 400 ച. മീറ്റർ കെട്ടിടം തേക്കാത്തതും കാണുന്നുണ്ട്. വസ്തു ഇവരുടെ കൈവശമാണെന്നതിനുള്ള തെളിവ് ഹാജരാക്കിയിട്ടില്ല. എന്നാൽ പഞ്ചായത്തിൽ നിന്നുള്ള നമ്പർ ഇട്ടതിനാൽ കൈവശാവകാശം ഉണ്ടെന്ന് മനസ്സിലാക്കുന്നു. ജോസഫ് തോമസ് മങ്കിലോട്ട്, തെള്ളകം പി. ഒ., ഏലിയാമ്മ ബേബി ഇരുമ്പുകാല, തെള്ളകം പി. ഒ. എന്നിവരാണ് ഇതിന്റെ ഉടമസ്ഥർ എന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ന്യായവില, നഷ്ടപരിഹാരം സംബന്ധിച്ച് തീരുമാനത്തിലെത്തിയതായി ഇവർ അറിയിച്ചു. ജോസഫ് തോമസ് മങ്കിലോട്ട്, തെള്ളകം പി. ഒ. മുപ്പത്തിരണ്ട് വർഷമായി ഈ കടയുമായി ഉപജീവനം നടത്തുന്നയാളാണ്. ഏലിയാമ്മ ബേബി ഇരുമ്പുകാല, തെള്ളകം പി. ഒ., ഇരിപത്തിയഞ്ച് വർഷമായി ചായക്കട നടത്തിവരുന്നു. പുറമ്പോക്ക് ഭൂമിയായതിനാലും, നഷ്ടപരിഹാരം ലഭ്യമാക്കും എന്ന ഉറപ്പിലും കൈവശാവകാശ രേഖയുണ്ടെങ്കിലും കഴിഞ്ഞ ഒരു വർഷമായി കാരിത്താസ് ജംഗ്ഷനോട് ചേർന്നുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സാമൂഹിക സാമ്പത്തിക സർവ്വേ, സ്ഥല സന്ദർശനം, ഡേറ്റാ പരിശോധന ഭൂഉടമകളുമായിട്ടുള്ള കേന്ദ്രീകൃത ചർച്ച എന്നിവയിലൂടെയാണ് പഠനയൂണിറ്റ് പ്രോജക്റ്റ് തയ്യാറാക്കുന്നതിന് പ്രാഥമികവും, ദ്വിതീയവുമായ വിവരശേഖരണം നടത്തിയത്. സാമ്പിൾ കളക്ഷൻ, സെക്കണ്ടറി ഡേറ്റാ കളക്ഷൻ, തുടങ്ങിയവയും റവന്യൂ പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വിവര ശേഖരണം, പ്രാദേശിക സമിതികൾ, പൊതുജനങ്ങൾ എന്നിവരുടെ സഹകരണവും പഠനത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സാമൂഹികമായും സാമ്പത്തികമായും ഉണ്ടാകുന്ന നേട്ടങ്ങൾ, കോട്ടങ്ങൾ എന്നിവയുടെ വിശകലനവും നടത്തിയിട്ടുണ്ട്.

## ഭൂമി കൈമാറ്റം

3 വർഷക്കാലമായി കൈമാറ്റം നടന്നിട്ടില്ല എന്ന് അന്വേഷണത്തിൽ മനസ്സിലായിട്ടുണ്ട്.

## കൃഷി ജനവാസം

ഉപയോഗരഹിതമായി കിടക്കുന്ന ഭൂമിയാണ്. കൃഷിയോ മറ്റ് നിർമ്മിതികളോ, പാർപ്പിടങ്ങളോ കാണാൻ സാധിക്കുന്നില്ല.

റെയിൽവേ ലൈനിനോട് ചേർന്ന് പെട്ടിക്കട നടത്തുന്നുണ്ട്. ടി വ്യക്തിയുടേയും കുടുംബത്തിന്റേയും ഉപജീവനമാർഗ്ഗമാണെന്നും ഇതെന്ന് മനസ്സിലാക്കുന്നു. ഇതിനോട് ചേർന്നുള്ള ചെറിയ കെട്ടിടത്തിലെ ചായക്കട കാരിത്താസ് ജംഗ്ഷനോട് ചേർന്നുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്ന് അറിയാൻ കഴിഞ്ഞു. ടി കടകൾ സർക്കാരിന് കൈമാറ്റം ചെയ്യുന്നതിനുള്ള സമ്മതപത്രം ഇവർ ഒപ്പിട്ടു കഴിഞ്ഞു.

## നേട്ടങ്ങൾ, കോട്ടങ്ങൾ

കാരിത്താസ് അമ്മഞ്ചേരി മെഡിക്കൽ കോളേജ്, മൂവാറ്റുപുഴ-ചങ്ങനാശ്ശേരി ദേശീയപാതയുമായി ബന്ധിപ്പിക്കുകയും, അനേകം സ്കൂളുകൾ, കോളേജുകൾ, കോട്ടയം മെഡിക്കൽ കോളേജ്, രണ്ട് സ്വകാര്യ ആശുപത്രികൾ തുടങ്ങി നിരവധി സൗകര്യങ്ങൾ ഈ മേൽപ്പാലം യാഥാർത്ഥ്യമാകുന്നതിലൂടെ ജനങ്ങൾക്ക് ലഭ്യമാകും. അധികം പ്രതിബന്ധങ്ങൾ തരണം ചെയ്യാതെ മേൽപ്പാലത്തിനും അപ്രോച്ച് റോഡിനുമായി സ്ഥലമുടമകളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചാൽ പരിഹരിക്കാവുന്നതാണ്. സുഗമമായ സഞ്ചാരത്തിനും, ഗതാഗതത്തിനും മാർഗ്ഗതടസ്സമായ കാരിത്താസ് റെയിൽവേ ഗേറ്റിൽ മേൽപ്പാലം നിർമ്മിക്കുക എന്നത് അടിയന്തിര പ്രാധാന്യമുള്ള കാര്യമാണ്. പെട്ടിക്കട നടത്തുന്ന വ്യക്തിയുടെ ഉപജീവനമാർഗ്ഗം ഇല്ലാതാകുന്നതല്ലാതെ ദോഷവശങ്ങൾ ഒന്നും കാണാൻ സാധിക്കുന്നില്ല.

### പബ്ലിക്ക് ഹിയറിംഗ്

16-8-17-ൽ നടത്തിയ പബ്ലിക്ക് ഹിയറിംഗിൽ പൊതുജനങ്ങളും വസ്തു ഉടമകളും പങ്കെടുത്തു. അടിയന്തിര പ്രാധാന്യത്തോടെ പാലവും അപ്രോച്ച് റോഡും പൂർത്തിയാക്കി എത്രയും പെട്ടെന്ന് സഞ്ചാരയോഗ്യമാക്കണമെന്ന് പൊതുജനങ്ങൾ ആവശ്യപ്പെട്ടു.

മെഡിക്കൽ കോളേജ് ഉൾപ്പെടെ വിവിധ ആശുപത്രികൾക്കും യൂണിവേഴ്സിറ്റി ഉൾപ്പെടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തീർത്ഥാടന കേന്ദ്രങ്ങൾക്കും മാർഗ്ഗതടസ്സമായ കാരിത്താസ് റെയിൽവേ ഗേറ്റിൽ മേൽപ്പാലം നിർമ്മിക്കുന്നത് അടിയന്തിര പ്രാധാന്യമുള്ള കാര്യമാണെന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നു.